"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2019-20 സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികമായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1562/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/08/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.2898/2017/ത.സ്വ.ഭ.വ തീയതി 23.08.2017

2 സ.ഉ.(സാധാ) നം.2276/2018/ത.സ്വ.ഭ.വ തീയതി 18.08.2018

3 സ.ഉ.(സാധാ) നം.1935/2019/ത.സ്വ.ഭ.വ തീയതി 05.09.2019

4 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 13.08.2020-ലെ 7/MGNREGS/2020-21/FA Workers നമ്പർ കത്ത്

5 സ.ഉ.(സാധാ) നം.4757/2020/ധന. തീയതി 18.08.2020

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 1000 രൂപ പ്രത്യേക പാരിതോഷികമായി പരാമർശം (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു. ഇതേ മാതൃകയിൽ 2019-20 സാമ്പത്തിക വർഷം പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്ത 2,51,144 കുടുംബങ്ങൾക്കും പ്രത്യേക പാരിതോഷികം അനുവദിക്കുന്ന കാര്യം പരിഗണിക്കണമെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2019-20 സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത എല്ലാ കുടുംബങ്ങൾക്കും ഓണത്തോടനുബന്ധിച്ച് 1000/- രൂപ (ആയിരം രൂപ മാത്രം) പ്രത്യേക പാരിതോഷികമായി അനുവദിച്ച് ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക 2505-02-101-99 (02) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. അർഹതാ പട്ടികയിലെ യോഗ്യരായ കുടുംബങ്ങൾ 100 ദിവസം തൊഴിലെടുത്തിട്ടുണ്ടെന്ന് പദ്ധതിയുടെ MIS രേഖകൾ അടിസ്ഥാനമാക്കി മിഷൻ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ MGNREGS ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും

ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യ (ഡവലപ്മെന്റ് വിംഗ്) വകുപ്പ് (w.r.t. E.no.1552080)

എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.08.27 17:06:14 IST
Reason: Approved

സെക്ഷൻ ഓഫീസർ